# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് -ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകാനുള്ള കേന്ദ്രവിഹിതം - ഐ.എ.വൈ യുടെ പ്ലാൻ ഫണ്ട് സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു .

തദ്ദേശ സ്വയംഭരണ (ഡി ഡി )വകുപ്പ് വകുപ്പ്

സ.ഉ.(സാധാ) നം./590/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/03/2018

പരാമർശം:- 1. 27/01/2018 തീയതിയിലെ ഗ്രാമവികസന കമ്മീഷണറുടെ 15448/ എച്ച് & റ്റി 1/17/CRD നമ്പർ കത്ത്
2. 23/11/2017 തീയതിയിലെ 326/DB1/2017/തസ്വഭവ നമ്പർ സർക്കുലർ

## ഉത്തരവ്

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ഐ .എ. വൈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരുന്ന ശ്രീമതി.ഹർഷ.സി.ബി, രായമംഗലം ഗ്രാമപഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്തിരുന്ന ശ്രീമതി .ഷീജ ഷെല്ലി എന്നീ ഗുണഭോക്താക്കളുടെ രണ്ടാം ഗഡു തുക (42,000/-രൂപ) യുടെ വിവരങ്ങൾ MIS -ൽ രേഖപ്പെടുത്തിയിരുന്നു. എന്നാൽ ടി ഗുണഭോക്താക്കളുടെ രണ്ടാം ഗഡു തുക PFMS മുഖേനയാണ് നൽകേണ്ടിയിരുന്നത്. രണ്ടാം ഗഡു തുകയുടെ വിവരങ്ങൾ MIS -ൽ രേഖപ്പെടുത്തിയതുമൂലവും മൂന്നാം ഗഡു തുക PFMS മുഖേന നൽകിയതിനാലും രണ്ടാം ഗഡു തുകയുടെ വിവരങ്ങൾ MIS-ൽ നിന്ന് ഡിലീറ്റ് ചെയ്യാൻ കഴിയാതെ വന്നതിനാൽ രണ്ടാം ഗഡു കേന്ദ്ര വിഹിതമായ 42,000 രൂപ, നല്കാൻ കഴിഞ്ഞിട്ടില്ല എന്ന് പരാമർശ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്തിരുന്ന ശ്രീ.കുമാരൻ നെടുമറ്റം എന്നയാൾക്ക് കേന്ദ്ര വിഹിതത്തിൽ നല്കാൻ ബാക്കിയുള്ള 9500 രൂപ, കേന്ദ്ര വിഹിതം തിരിച്ചടച്ചതിനാൽ നല്കാൻ കഴിഞ്ഞിട്ടില്ല എന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം -1 മുഖേന അറിയിച്ചിട്ടുണ്ട്. ഐ.എ.വൈ കേന്ദ്ര വിഹിതം ബ്ലോക്ക് പഞ്ചായത്ത് ഗ്രാമവികസന കമ്മീഷണറേറ്റിലെ ഐ.എ.വൈ/പി.എം.എ.വൈ(ജി) യുടെ സ്റ്റേറ്റ് നോഡൽ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതിനാൽ പ്രസ്തുത 3 ഐ.എ.വൈ ഗുണഭോക്താക്കൾക്ക് നല്കാൻ ബാക്കിയുള്ള ധനസഹായം നല്കാൻ കഴിഞ്ഞിട്ടില്ല എന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത 3 ഐ.എ. വൈ ഗുണഭോക്താക്കൾക്ക് നല്കാനുള്ള ധനസഹായം ഐ.എ വൈ യുടെ പ്ലാൻ ഫണ്ട് സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും അനുവദിക്കാനുള്ള അനുമതി നല്കണമെന്ന് ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ഐ .എ.വൈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരുന്ന ശ്രീമതി.ഹർഷ.സി.ബി, രായമംഗലം ഗ്രാമപഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്തിരുന്ന ശ്രീമതി .ഷീജ ഷെല്ലി, വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്തിരുന്ന ശ്രീ.കുമാരൻ നെട്ടുമറ്റം എന്നീ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകാനുള്ള മേൽപ്പറഞ്ഞ തുക കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ യുടെ പ്ലാൻ ഫണ്ട് സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലെ (ബാങ്ക് ഓഫ് ഇൻഡ്യ , കുറുപ്പംപടി ശാഖ) നീക്കയിരിപ്പ് തുകയിൽ അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത അക്കൗണ്ടിൽ ബാക്കി വരുന്ന തുക പരാമർശം -3 സർക്കുലറിലെ നിർദ്ദേശ പ്രകാരം വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
സെക്രട്ടറി, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്, കുറുപ്പംപടി പി.ഓ.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽഅക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ , ഐ കെ എം ,,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.[illegible] 12:39:40 IST
Reason: Approved
സെക്ഷൻ ഓഫീസർ